


2018 - 2019

# Editorial Board

**Chief Editor** : **Abhin S Kumar**

**Members** : **Surya Narayanan M S**

**Arya Presannan**

**Colin Mathew**

**Abhijith Antony**

**Alan Mathew**

**Headmaster** : **Sri. P J Thomas**

**Kite Master** : **Sri. Babu Emmanuel**

**Kite Mistress** : **Sr. Celinamma John**

# ഉള്ളടക്കം


| | |
|---|---|
| പഴഞ്ചൊല്ലിലെ ഗണിതം | 3 |
| മാധ്യമങ്ങൾ | 4 |
| കേരളവ്യാസൻ | 6 |
| ഒരു വെറൈറ്റി മീഡിയ | 16 |
| പ്രളയം എത്ര സുഖകരം | 19 |
| ലീലാവതി | 20 |
| പുലരിയുടെ നെയ്ത്തുകാരൻ | 22 |
| ചാണക്യസൂത്രം | 23 |
| proverbs | 24 |

# പഴഞ്ചൊല്ലിലെ ഗണിതം

1 അഞ്ചിലറിഞ്ഞില്ലങ്കിൽ അമ്പതിലറിയാം.

2 അഞ്ചുവിരലും ഒരുപോലെയല്ല.

3 അപ്പം തിന്നാൽ മതി, കുഴി എണ്ണണ്ട

4 അരിയെത്ര? പയറഞ്ഞാഴി


5 ആശാന ക്ഷരമൊന്നു പിഴച്ചാൽ, 51 പിഴക്കും ശിഷ്യന്

6 ഒന്നിൽ പിഴച്ചാൽ മൂന്ന്

7 ഒരു വെടിക്ക് രണ്ടു പക്ഷി

8 വിത്തുഗുണം പത്തു ഗുണം

9 ഒന്നു ചത്താൽ മറ്റൊന്നിന് വളം



10. ഈറ്റെടുക്കാൻ പോയവൾ ഇരട്ടപെറ്റു

# മാധ്യമങ്ങൾ

ഋഷീന്ദ്ര ഹരിപ്രസാദ് . എച്ച്




നമുക്കറിയാം ഇന്ന് നമ്മുടെ ലോകത്തിൽ നമുക്കു ചുറ്റും ഒട്ടേറെ മാധ്യമങ്ങളുണ്ട്. ടി.വി റേഡിയോ, മൊബൈൽ, ഇന്റർനെറ്റ്, പത്രങ്ങൾ തുടങ്ങിയവയാണ് അവയുടെ ഗണത്തിൽ പെടുന്നത്.ഈ മാധ്യമങ്ങളൊക്കെ തന്നെയും നല്ല ഉദ്ദേശങ്ങളോടുകൂടി മനുഷ്യരുടെ ഉന്നമനത്തിനും ഗുണപരമായ മറ്റാവശ്യങ്ങൾക്കുമായി നിർമ്മിച്ചവയാണ്. എങ്കിലും ആധുനിക കാലഘട്ടത്തിൽ അവയ്ക്ക് ഗുണത്തേക്കാളേറെ ദോഷമാണുള്ളത്. അല്ലങ്കിൽ ആധുനിക മനുഷ്യൻ അവയെ അങ്ങനെ ആക്കി മാറ്റി. ഇന്ന് സമൂഹമാധ്യമങ്ങൾ മനുഷ്യന്റെ സംസ്കാരത്തെ തന്നെ പാടേ തളർത്തിക്കളഞ്ഞിരിക്കുന്നു.

സമൂഹമാധ്യമങ്ങൾ പലതുണ്ട് അതിൽ പത്രവും റേഡിയോയും അത്ര തന്നെ തെറ്റു പറയാനില്ലാത്തവയാണ്.അമിതമായ ടി വി കാണലിലൂടെ അതിലേക്കാകർഷിക്കപ്പെട്ട് അതിൽ തന്നെ മുഴുകി പഠനത്തിൽ നിന്നു മറ്റു ജോലികളിൽ നിന്നും അകന്നു മാറി ജീവിക്കുന്ന ധാരാളം വ്യക്തികളെ നാം അനുദിനം കാണാറുണ്ട്. ടി വി യെ ചെകുത്താ ന്റെ പെട്ടി എന്നു വരെ വിശേഷിപ്പിച്ചവരുണ്ടെന്ന കാര്യവും ഓർക്കാം. ഫോണാകട്ടെ നന്മതിന്മകളാൽ സമ്മിശ്രമാണ്. വാട്ട്സാപ്പും ഫേസ് ബുക്കും ടിക്ടോക്കും നമുക്കെല്ലാം പരിചിതമായ മാധ്യമ മാർഗ്ഗങ്ങളാണ്.ഈ വക സാമൂഹ്യ മാധ്യമങ്ങൾ നമ്മെ ആകർഷിച്ചത്

വളരെ വേഗത്തിലാണ്. ഒരു കാലത്ത് ഭരണാധികാരികൾ പത്രത്തെ തടഞ്ഞിരുന്നു. നെപ്പോളിയൻ തന്റെ ഭരണകാലത്ത് പത്രത്തെ നിരോധിച്ചിരുന്നത് ഓർക്കുക.ഭരണാധികാരികൾക്ക് ഭരണം പിടിച്ചെടുക്കുവാനും ഭരണത്തെ മുന്നോട്ടു കൊണ്ടുപോകാനും പത്രങ്ങൾ അന്ന് സഹായിച്ചിരുന്നു. ആധുനിക കാലത്ത് മനോഭാവങ്ങളെ രൂപപ്പെടുത്താൻ മാധ്യമങ്ങൾ ഉപകരിക്കുന്നുണ്ടല്ലോ.സാമുവൽ ബട്ലർ പറഞ്ഞതോക്കുക- പത്രമില്ലാതെയുള്ള ഭരണത്തെക്കാൾ താൻ അഭിലഷിക്കുന്നത് ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ് എന്ന് പത്രം ഒരു ഭരണ കർത്താവിന്റെ നീതിബോധം പുലർത്തുന്നുണ്ട് എന്നല്ലേ ഇതിനർത്ഥം ഇതു തന്നെയാണ് മാധ്യമങ്ങളുടെ 'ഇന്നത്തെയും കടമ അത് അവ പലപ്പോഴും മറന്നു പോകുന്നുവെങ്കിലും സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യാപിച്ച അരാജകത്വം മാധ്യമങ്ങളെയും ബാധിച്ചു. എന്നതാണ് നാം മനസ്സിലാക്കേണ്ടത്. മാധ്യ മങ്ങളെ കുറ്റം പറയുമ്പോൾ നാം ഓർക്കേണ്ടതായ ചില വസ്തുതകളുണ്ട് നന്മതിന്മകളുടെ ഒരു പറുദീസയാണ് ഒരോ മാധ്യമങ്ങളുടെയും ലോകം അവിടെ സ്വീകാര്യങ്ങളല്ലാത്ത ഫലങ്ങളും ഉണ്ടാകും അവയെ തിരിച്ചറിയാനുള്ള വിവേകമാണ് മനുഷ്യനു വേണ്ടത്. അല്ലാതെആധുനിക കാലഘട്ടം നമുക്കു മുമ്പിൽ വച്ചു നീട്ടിയ പറുദീസയെപാടേ അവഗണിക്കാൻ നമുക്കാവില്ല. അതു കൊണ്ട് എല്ലാ തിന്മകൾക്കും കാരണം മാധ്യമങ്ങളാണന്ന് പറയാതെ വിവേചനബുദ്ധിയോടെ അവയെ വിനയോഗിക്കാൻ ആധുനിക തലമുറയ്ക്കു കഴിയട്ടെ. സത്യം, നീതി, സ്വാതന്ത്ര്യം വിവേകം എന്നീ മാധ്യമ ധർമ്മങ്ങളെ ആധാരമാക്കി നവ മാധ്യമങ്ങൾ ആധുനിക ലോകത്തിന് മാർഗ്ഗ ദീപങ്ങളാകട്ടെ.........



6

# കേരളവ്യാസൻ



പച്ച മലയാള പ്രസ്ഥാനത്തിന്റെ വക്താവായിരുന്ന കവിയായിരുന്നു കേരളവ്യാസൻ എന്നറിയപ്പെടുന്ന കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ (18 സെപ്റ്റംബർ 1864 - 22 ജനുവരി 1913). കൊടുങ്ങല്ലൂർ കോവിലകത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു. നിമിഷകവി എന്ന പേരിലും അറിയപ്പെടുന്നു. രാമവർമ്മ എന്നായിരുന്നു യഥാർത്ഥ പേര്[.വ്യാസമഹാഭാരതം പദാനുപദം , വൃത്താനുവൃത്തം പദ്യാഖ്യാനം ചെയ്ത അമാനുഷിക പ്രഭാവനാണിദ്ദേഹം .

## കേരളവ്യാസൻ എന്ന പദവി

വ്യാസമുനി 1095 ദിനങ്ങൾ കൊണ്ട് വൃത്തമൊപ്പിച്ച് ചിട്ടപ്പെടുത്തിയ മഹാഭാരതമഹാകാവ്യത്തെ അതേപടി മലയാളത്തിൽ പദാനുപദ വിവർത്തനം ചെയ്ത വൃത്തമൊപ്പിച്ച് ഭാഷാഭാരതം എന്ന പേരിൽ ശ്രീ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മലയാളത്തിൽ പദ്യവൽക്കരിച്ചു .മഹാഭാരതത്തെ ഗദ്യ വിവർത്തനം ചെയ്ത വിദ്വാൻ കെ പ്രകാശം , താൻ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പദ്യവിവർത്തനത്തെ ഗദ്യമാക്കുക മാത്രമാണ് ചെയ്തതെന്ന് പറഞ്ഞിട്ടുണ്ട് . തമ്പുരാന്റെ പദ്യവിവർത്തനം വ്യാസമുനിയുടെ മഹാഭാരത സംസ്കൃതകാവ്യത്തിന്റെ മലയാള തത്തുല്യമാകുന്നു . പദ്യത്തെ ഗദ്യമാക്കുവാൻ ഭാഷാവിദ്വാന്മാർക്കു പ്രയാസമില്ലാതെ സാധിച്ചേക്കും . എന്നാൽ കഥയെ പദ്യമാക്കുക പ്രയാസം .അതുതന്നെ വൃത്തമൊപ്പിച്ചെടുക്കുക കൂടുതൽ ദുഷ്കരമാണ് . എന്നാലിടിവിടെ തമ്പുരാൻ

ചെയ്തത് , സംസ്കൃതത്തിൽ 1095 ദിനങ്ങൾകൊണ്ട് സാക്ഷാൽ വ്യാസമുനി വൃത്തമൊപ്പിച്ച ചിട്ടപ്പെടുത്തിയ മഹാഭാരത മഹാകാവ്യത്തെ പദാനുപദമായി വിവർത്തനം ചെയ്ത , അതേ വൃത്തത്തിൽ , അതേ വാക്യാർത്ഥത്തിൽ, അതേ പദാർത്ഥത്തിൽ മലയാളീകരിച്ച കാവ്യമാക്കിയെടുക്കുകയാണ് . ഇത്തരത്തിലൊരു പ്രവൃത്തി ചെയ്യുവാൻ തമ്പുരാന് വേണ്ടിവന്നത് വെറും 874 ദിവസങ്ങൾ മാത്രവും .പദാനുപദം വിവർത്തനം , വൃത്താനുവൃത്തം പദ്യവൽക്കരണം എന്നിവ വ്യാസനേക്കാൾ വേഗത്തിൽ , വ്യാസരചനയ്ക്ക മലയാള തത്തുല്യമായി തമ്പുരാൻ നിർവ്വഹിച്ചു . അതുകൊണ്ടാണ് കുഞ്ഞിക്കുട്ടൻ തമ്പുരാനെ അമാനുഷിക പ്രഭാവനെന്നും കേരളവ്യാസൻ എന്നും വിളിക്കുന്നത്.

## ജനനം

കൊടുങ്ങല്ലൂർ രാജകുടുംബത്തിൽ കൊല്ലവർഷം 1040 കന്നി മാസം നാലാം തിയതി അശ്വതി നാളിലാണ് (അതായത് 1864 സെപ്റ്റംബർ 18) കുഞ്ഞിക്കുട്ടൻ തമ്പുരാൻ ജനിച്ചത് . പിതാവ് കവിയും പച്ചമലയാളപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവുമായ വെണ്മണി പരമേശ്വരൻ (അച്ഛൻ) നമ്പൂതിരിയും മാതാവ് കൊടുങ്ങല്ലൂർ കോവിലകത്തെ കുഞ്ഞിപ്പിള്ളത്തമ്പുരാട്ടിയുമാ

## ബാല്യം

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ബാല്യകാലത്ത് കൊടുങ്ങല്ലൂർ രാജകൊട്ടാരം പാണ്ഡിത്യത്തിന്റെ കലവറയായിരുന്നു. ഉത്തമമായ ഒരു ഗുരുകുലം എന്ന സ്ഥാനമായിരുന്നു കോവിലകം അക്കാലത്തു പുലർത്തിയിരുന്നത്. കേരളത്തിന്റെ നാനാഭാഗത്തുനിന്നും അനേകം വിദ്യാർത്ഥികൾ കാവ്യശാസ്ത്രാദികളിൽ പാണ്ഡിത്യം നേടുന്നതിന് അവിടെ എത്തിച്ചേർന്നിരുന്നു. താൻ പഠിച്ചിരുന്ന കാലത്ത് വിവിധവിഷയങ്ങളിലായി മുന്നൂറോളം വിദ്യാർത്ഥികൾ അവിടെ താമസിച്ചുപഠിച്ചിരുന്നുവെന്ന് ആറ്റൂർ കൃഷ്ണപ്പിഷാരടി "കൊടുങ്ങല്ലൂർ ഗുരുകുലം" എന്ന ഉപന്യാസത്തിൽ പരാമർശിച്ചിട്ടുണ്ട്.

കുടുംബഗുരുവായിരുന്ന വിളപ്പിൽ ഉണ്ണിയാശാൻ ആയിരുന്നു കുഞ്ഞന്റെ ആദ്യഗുരു. പ്രാഥമികമായ ബാലപാഠങ്ങൾക്കു ശേഷം മൂന്നാംകൂർ ഗോദവർമ്മതമ്പുരാൻ അദ്ദേഹത്തെ കാവ്യം പഠിപ്പിച്ചു. എന്നാൽ മൂന്നാംകൂർ തമ്പുരാൻ ഏറെത്താമസിയാതെ അന്തരിച്ചു. തുടർന്ന് സ്വന്തം അമ്മാവനായ വിദ്വാൻ കുഞ്ഞിരാമവർമ്മൻതമ്പുരാന്റെ പക്കൽനിന്നായി വിദ്യാഭ്യാസം. മുഖ്യമായും വ്യാകരണം ആയിരുന്നു ഇക്കാലത്തു പഠിച്ചെടുത്തത്. പ്രൗഢമനോരമ, പരിഭാഷേന്ദുശേഖരം തുടങ്ങിയവയെല്ലാം അമ്മാവനിൽനിന്നാണ് അദ്ദേഹം പഠിച്ചെടുത്തത്. മഹാകവിയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട വിഷയം വ്യാകരണം തന്നെയായിരുന്നു. പിൽക്കാലത്ത് അദ്ദേഹം തന്റെ കൃതികളിൽ പലപ്പോഴും "അമ്മാവനും ഗുരുവുമാകിയ കുഞ്ഞിരാമവർമ്മാവിനെ" ഭക്തിപൂർവ്വം സ്മരിച്ചിട്ടുണ്ട്.

തർക്കം പഠിപ്പിച്ചത് ഒരു കുഞ്ഞൻ തമ്പുരാൻ ആയിരുന്നു. വലിയ കൊച്ചുണ്ണിത്തമ്പുരാൻ ജ്യോതിഷവുംപഠിപ്പിച്ചു.

ഏഴാമത്തെ വയസ്സിൽ തന്നെ കുഞ്ഞിക്കുട്ടൻ കവിതകൾ എഴുതാൻ തുടങ്ങി. അക്കാലത്ത് കൊടുങ്ങല്ലൂർ താലപ്പൊലിയുടെ എഴുന്നള്ളിപ്പുസമയത്ത് വെണ്മണിയുടെ കവിസംഘം ഭഗവതിയെക്കുറിച്ചും മറ്റും നിമിഷശ്ലോകങ്ങൾ ഉണ്ടാക്കിച്ചൊല്ലുക പതിവുണ്ടായിരുന്നു. "ഒരു ദിവസം താലപ്പൊലിയ്ക്ക് വെണ്മണി അച്ഛൻ നമ്പൂതിരിപ്പാട് മകനെ കൂട്ടിക്കൊണ്ടുപോയി. അന്ന് കുഞ്ഞിക്കുട്ടനെക്കൊണ്ടും ഒരു ശ്ലോകമുണ്ടാക്കിച്ചതായി എനിക്കറിവുണ്ട്" - അമ്മാവൻ തമ്പുരാൻ എഴുതിയിട്ടുള്ള "കുഞ്ഞിക്കുട്ടൻതമ്പുരാൻ സ്മരണകൾ" എന്ന പുസ്തകത്തിൽ പരാമർശിക്കുന്നു.

ഏറേത്താമസിയാതെ, കവിതയെഴുത്ത് തമ്പുരാന്റെ ഹരമായിത്തീർന്നു. സംസ്കൃതത്തിലായിരുന്നു ആദ്യകാലത്തെപദ്യനിർമ്മാണം. രാജകുടുംബത്തിലെ കുട്ടികൾ മറ്റു കൂട്ടുകാരോടൊപ്പം അക്ഷരശ്ലോകം ചൊല്ലി മത്സരിക്കൽ അന്നത്തെ പതിവായിരുന്നു. ഇടയ്ക്ക് പദ്യനിർമ്മാണമത്സരവും

ഉണ്ടായിരിക്കും. പഠിപ്പിന്റെ ഇടയിൽ തന്നെയാവും ഈ വിനോദവും. ഏകദേശം പതിനാറുവയസ്സുകഴിഞ്ഞതോടെ കുഞ്ഞിക്കുട്ടന് കവിത മാത്രമാണ ജീവിതം എന്ന നിലയായി. മറ്റു വിഷയങ്ങളിലെ പഠിപ്പിനു ശ്രദ്ധ കുറഞ്ഞു.

സംസ്കൃതകാവ്യരചനയിൽ മുഴുകിക്കഴിഞ്ഞ അദ്ദേഹത്തെ പച്ചമലയാളയാളത്തിന്റെ വഴിയിലേക്ക് തിരിച്ചുവിട്ടത് പിതാവ് വെണ്മണി അച്ഛനും വൈമാത്രേയസഹോദരനായ (അച്ഛന് മറ്റൊരു ഭാര്യയിൽ ജനിച്ച സഹോദരൻ)വെണ്മണി മഹനുമാണ്.

## യൗവനം

ഇരുപത്തിയൊന്നാം വയസ്സിൽ കൊടുങ്ങല്ലൂർ കോയിപ്പള്ളി പാപ്പിയമ്മയെ വിവാഹം ചെയ്തു. പാപ്പിയമ്മ പതിനെട്ടു വർഷത്തിനുശേഷം മരിച്ചപ്പോൾ അദ്ദേഹം തൃശ്ശൂർ കിഴക്കേ സ്രാമ്പിൽ കുട്ടിപ്പാറുവമ്മയെ വിവാഹം ചെയ്തു. എന്നാൽ താമസിയാതെ അവരും മരണം വരിച്ചു. സാമൂതിരി കുടുംബത്തിലെ ശ്രീദേവിത്തമ്പുരാട്ടിയേയും വിവാഹം ചെയ്തിട്ടുണ്ട്. അവരാണ് ധർമ്മപത്നിയായി അറിയപ്പെടുന്നത്.

അറിയപ്പെട്ടിടത്തോളം, അദ്ദേഹത്തിന്റെ ഇരുപത്തിരണ്ടാമത്തെ വയസ്സിലാണ് (കൊല്ലം 1062) ആദ്യമായി ഒരു കൃതി (കവി ഭാരതം) പ്രകാശിപ്പിക്കപ്പെടുന്നത്.. ഇക്കാലത്ത് മലയാളകവിതാരംഗത്ത് അഷ്ടകപ്രാസത്തിലും ദശകപ്രാസത്തിലുമുള്ള ദ്രുതകവനസംസ്കാരം കൊടുമ്പിരി കൊണ്ടിരിക്കുകയായിരുന്നു. കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഈ മണ്ഡലത്തിൽ ഏറ്റവും ചാതുര്യമുള്ള ഒന്നാമനായിത്തന്നെ തുടർന്നു. 1065-ൽ രചിച്ച "ലക്ഷണാസംഗം" എന്ന കൃതിയിൽ അദ്ദേഹം സ്വയം തന്നെപ്പറ്റിത്തന്നെ അഭിമാനപൂർവ്വം പറഞ്ഞിരിക്കുന്നു:"നരപതി കുഞ്ഞിക്കുട്ടൻ സരസദ്രുതകവി കിരീടമണിയല്ലോ".

കോട്ടയത്തെ കവിസമാജം സംഘടിപ്പിച്ച ദ്രുതകവിതാപരീക്ഷയിൽ

ഗംഗാവതരണം എന്ന അഞ്ചങ്കങ്ങളുള്ള ഒരു നാടകം അദ്ദേഹം അഞ്ചുമണിക്കൂറിനുള്ളിൽ എഴുതിത്തീർത്ത് ഒന്നാം സമ്മാനം നേടി. ഇതോടെ, തെക്കൻ നാട്ടിലും അദ്ദേഹത്തിന്റെ പ്രശസ്തി പരന്നു. ഗംഗാവതരണാത്തിനു മുമ്പും പിൻപുമായി അദ്ദേഹം അക്കാലത്ത് അഞ്ചെട്ടു ദ്രുതകവിതാനാടകങ്ങൾ രചിച്ചിട്ടുണ്ട്. 1066 തുലാം 18 ന് വെറും പന്ത്രണ്ടുമണിക്കൂർ സമയമെടുത്ത് രചിച്ച, പത്തങ്കങ്ങളും മുന്നൂറു ശ്ലോകങ്ങളുമടങ്ങിയ "നളചരിതം" ആണിതിൽ പ്രധാനം.

സ്വതന്ത്രനാടകപ്രസ്ഥാനവും പച്ചമലയാളവും തിരു

ഭാരത വിലാസം സഭ കൊല്ലവർഷം 1084(ക്രിസ്ത്വബ്ദം 1909). ഇരിക്കുന്നവരിൽ ഇടത്തുനിന്ന് അഞ്ചാമത്തേത് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തോടുകൂടി മലയാളസാഹിത്യം പുതിയൊരു പാതയിലേക്ക് പ്രവേശിക്കുകയായിരുന്നു. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ചുവടുപറ്റി കേരളവർമ്മ പ്രസ്ഥാനം ഒരു വശത്തും കൊടുങ്ങല്ലൂർ കോവിലകത്തിന്റെ സാഹിത്യപരിസരങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന വെണ്മണി പ്രസ്ഥാനം മറുവശത്തും കാവ്യനാടകരചനകളിൽ ഏർപ്പെട്ടു. ഇവർക്കുപുറമേ, മലയാളമനോരമ തുടങ്ങിയ പത്രമാസികാസ്ഥാപനങ്ങൾ അവതരിപ്പിച്ച പുതിയ പ്രസിദ്ധീകരണസംസ്കാരം കവിതയിൽ കൂടുതൽ ജനകീയമായ ഇടപെടലുകൾ നടക്കാനും കവികൾക്ക് പരസ്പരം രസ-നിർമ്മാണ-നിരൂപണസംവാദങ്ങളിൽ ഏർപ്പെടാനും അവസരം നൽകി. അച്ചടി, ആധുനികശൈലിയിലുള്ള പാഠപുസ്തകനിർമ്മാണം തുടങ്ങിയ ഘടകങ്ങൾകൂടി ഈ സക്രിയമായ പരിണാമങ്ങൾക്കു സഹായകമായി.

സംസ്കൃതനാടകകാവ്യരീതികളോട് അതിരറ്റ മതിപ്പുണ്ടായിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തന്റെ ശൈലിയുടെ ഗാംഭീര്യവും പ്രൗഢിയും പ്രത്യേകതയും തന്നെയാണ് മലയാളകവിത തുടർന്നുപോകേണ്ടതെന്നു

വിശ്വസിച്ചു. മലയാളത്തിലെ ആദ്യത്തെ നാടകസാഹിത്യകൃതി എന്നുപറയാവുന്ന ഭാഷാശാകുന്തളം അദ്ദേഹത്തിന്റെ രചനയായിരുന്നു. ഇതേ വഴി പിന്തുടർന്ന് വിവർത്തനങ്ങളിലൂടെ സംസ്കൃതത്തിൽനിന്നും കടംപറ്റിത്തന്നെ ഒരു പറ്റം നാടകങ്ങൾ രചിക്കപ്പെടുകയുണ്ടായി. എന്നാൽ ആ വഴിയേ പിന്തുടരാൻ ഏറെയൊന്നും അനുയായികൾ ഉണ്ടായിരുന്നില്ല. അതേ സമയത്ത്, സംസ്കൃതത്തിന്റെ അതിപ്രസരത്തിനിപ്പുറത്ത്, ഭാഷാസാഹിത്യനിർമ്മിതിയിൽ ശുദ്ധമലയാളത്തിന് അർഹമായ ഇടമുണ്ടെന്നു വെണ്മണിപ്രസ്ഥാനം തെളിയിച്ചുതുടങ്ങി. അതിലെ മുഖ്യസാരഥികളായിരുന്ന അച്ഛനും മകനുമായിരുന്ന വെണ്മണി പരമേശ്വരനും കദംബനും. ഇവർക്കൊപ്പമോ ഇവരുടെ പിൻപറ്റിയോ ധാരാളം കവികളും നാടാകകൃത്തുക്കളും ഉണ്ടായി. കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ, കാത്തുള്ളിൽ അച്യുതമേനോൻ, നടുവത്തച്ഛൻ നമ്പൂതിരി, ശീവൊള്ളി നമ്പൂതിരി തുടങ്ങിയ ഈ കൂട്ടത്തിലെ ഏറ്റവും തിളങ്ങിനിന്ന താരമായിരുന്നു കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ. സ്വയം മികച്ച സംസ്കൃതപണ്ഡിതന്മാരായിരുന്നിട് മലയാളസാഹിത്യത്തിലേക്ക് ലഭിച്ച കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ സംഭാവനകളെ ഈ പശ്ചാത്തലത്തിൽനിന്നുവേണം നോക്കിക്കാണാൻ. കൊച്ചുണ്ണിത്തമ്പുരാൻ തുടങ്ങിവെച്ച സ്വതന്ത്രനാടകപ്രസ്ഥാനവും വെൺമണി നമ്പൂതിരിമാർ പ്രോത്സാഹിപ്പിച്ച പച്ചമലയാളശൈലിയും ഏറ്റെടുത്ത് ആ മാതൃക പിൻപറ്റി ചുരുങ്ങിയ കാലത്തിനുള്ളിൽ അനേകം കൃതികൾ അദ്ദേഹം രചിച്ചു. അടുത്ത ദശകങ്ങളിൽ മലയാളത്തിലെ ഗദ്യ-പദ്യസാഹിത്യം കൂടുതൽ സ്വാതന്ത്ര്യമാർജ്ജിക്കാനും ജനകീയമാവാനും ഇതു വഴിവെച്ചു. മഹാകാവ്യങ്ങളിൽ നിന്നും ഖണ്ഡകാവ്യങ്ങളിലേക്കും തനതുനാടകപ്രസ്ഥാനങ്ങളിലേക്കും ഇതു വഴിവെച്ചു.

കേരളത്തിനു പരിചിതമായ ചരിത്രകഥകളേയും ഐതിഹ്യങ്ങളേയും പ്രതിപാദ്യമാക്കിക്കൊണ്ട് കുഞ്ഞിക്കുട്ടൻതമ്പുരാൻ കവിതകളെഴുതി. വെണ്മണിശൈലിയേക്കാൾ കുറച്ചുകൂടി പച്ചമലയാളമായിരുന്നു അദ്ദേഹത്തിന്റെ എഴുത്ത്. സംസ്ക്ക്ർതപദങ്ങൾ എത്ര കുറയ്ക്കാമോ അത്രയ്ക്കും

കവിത മെച്ചമായിരിക്കും എന്നായിരുന്നു അദ്ദേഹത്തിന്റെ ആദർശം. എന്നാൽ, അതൊരു നിർബന്ധം പോലെയായപ്പോൾ കവിതയ്ക്ക് കൃത്രിമത തോന്നിത്തുടങ്ങി. ഒപ്പം തന്നെ, സംസ്കൃതപണ്ഡിതന്മാരുടെ അളവറ്റ ഗൈർവ്വാണീഭ്രമത്തിന് അതൊരു കടിഞ്ഞാണമായിത്തീർന്നു. 'കൂടൽമാണിക്യം', 'പാലുള്ളിചരിതം' തുടങ്ങിയ കൃതികളൊക്കെ ഈ തരത്തിൽ പെട്ടവയാണ്.

ഇരുപത്തിയെട്ട് കൊല്ലം അദ്ദേഹം ഭാഷയ്ക്കായി പ്രവർത്തിച്ചു. പഴയ ഐതിഹ്യങ്ങൾ ശേഖരിച്ച് അവയെ കൈകാര്യം ചെയ്യുവാൻ തമ്പുരാന് പ്രത്യേക കഴിവുണ്ടായിരുന്നു അതിനുവേണ്ടി ഏതു വിധത്തിലുള്ള ത്യാഗവും അദ്ദേഹം സഹിക്കുമായിരുന്നു

## ശ്രീമഹാഭാരതം (ഭാഷാഭാരതം)

ഒരുലക്ഷത്തി ഇരുപത്തിഅയ്യായിരം ശ്ലോകങ്ങളുള്ള മഹാഭാരതം അദ്ദേഹം എണ്ണൂറ്റിയെഴുപത്തിനാലു ദിവസം കൊണ്ട് മലയാളത്തിലേക്കു തർജ്ജമ ചെയ്തു തീർത്തു. ശ്രീമഹാഭാരതം എന്ന പേരിൽ അദ്ദേഹം രചിച്ച ഈ ഗ്രന്ഥം ഭാഷാഭാരതം എന്ന പേരിലും അറിയപ്പെടുന്നു.

സംസ്കൃതത്തിലുള്ള മഹാഭാരതം മലയാളത്തിലേക്ക് തർജ്ജമ ചെയ്തതാണ് കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഏറ്റവും മഹത്സംഭാവനയായി കണക്കാക്കപ്പെടുന്നത്. ഇത്ര ബൃഹത്തായ ഒരു കൃതി വൃത്താനുവൃത്തം-പദാനുപദം ഒരാൾ തന്നെ തർജ്ജമ ചെയ്തതിനു വേറെ ഉദാഹരണം ഇല്ല. പച്ചമലയാളത്തിലേക്ക് സാധാരണക്കാരനു മനസ്സിലാകുന്ന ഭാഷയിൽ തർജ്ജമ ചെയ്യാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. മഹാഭാരതത്തിന്റെ ഭാഗമായ ഭഗവദ്ഗീതയിലെ ആദ്യശ്ലോകത്തിന്റെ തർജ്ജമ ഇതിനുദാഹരണമാണ്. അത് ഇങ്ങനെ ആയിരുന്നു:-

13

സംസ്കൃതം പരിഭാഷ
ധർമ്മക്ഷേത്രേ കുരുക്ഷേത്രേ
സമവേതോയുയുത്സവഃ
മാമകാ പാണ്ഡവാശ്ചൈവ
കിമകുർവത സഞ്ജയ

ധർമ്മക്ഷേത്രം കുരുക്ഷേത്രം,
പുക്കുപോരിന്നിറങ്ങിയോർ,
എൻകൂട്ടരും പാണ്ഡവരും,
എന്തേ ചെയ്തിതു സഞ്ജയാ

## മറ്റു കൃതികൾ

കവിഭാരതം
അംബോപദേശം
ദക്ഷയാഗ ശതകം
നല്ല ഭാഷ
തുപ്പൽകോളാമ്പി
പാലുള്ളി ചരിതം
മദിരാശി യാത്ര
കൃതിരത്ന പഞ്ചകം
കംസൻ
കേരളം ഒന്നാം ഭാഗം
ദ്രോണാചാര്യർ ( അപൂർണ്ണം)
ഞാസംഗം
നളചരിതം
ചന്ദ്രിക
സന്താനഗോപാലം
സീതാസ്വയംവരം
ഗംഗാവിതരണം
ശ്രീമനവിക്രമ ജയം ( സാമൂതിരി) യെപ്പറ്റി)

മാർത്താണ്ഡ വിജയം (അപൂർണ്ണം)
മദ്ദുസൂദന വിജയം
ഘോഷയാത്ര
കവിതകൾ തിരുത്തുക
അയോദ്ധ്യാകാണ്ഡം
ആത്മബോധം പാന
ചാന പഞ്ചകം
പട്ടാഭിഷേകം പാന
ദോഷവിചാരം കിളിപ്പാട്ട്
രാധാമാധവയോഗം വഞ്ചിപ്പാട്ട്
കൊടുങ്ങല്ലൂർ ഭഗവതി കുറത്തിപ്പാട്ട്
മയൂരധ്വജ ചരിതം
പലവകപ്പാട്ടുകൾ
ഖണ്ഡകൃതികൾ

## വിവർത്തനം

മഹാഭാരതം-ശ്രീമഹാഭാരതം (ഭാഷ) എന്ന പേരിൽ
ഭഗവദ് ഗീത - ഭാഷാ ഭഗവദ് ഗീത എന്ന പേരിൽ
കാദംബരി കഥാസാരം
വിക്രമോർവ്വശീയം
ശുകസന്ദേശം

## അന്ത്യം

കൊ.വ. 1088 മകരം 10 ന് (ക്രി.വ. 1913 ജനുവരി 22) തന്റെ നാല്പത്തിയെട്ടാമത്തെ വയസ്സിൽ അദ്ദേഹം മരണമടഞ്ഞു. അതിസാരവും സന്നിപാതജ്വരവും പിടിപെട്ടാണ് അദ്ദേഹം മരിച്ചത്. മഹാഭാരതം പോലെത്തന്നെ, മറ്റു പുരാണങ്ങൾകൂടി മലയാളത്തിലേക്ക് പരിഭാഷ ചെയ്യണമെന്ന് അദ്ദേഹത്തിന് അത്യന്തം ആഗ്രഹമുണ്ടായിരുന്നു.

“ കഴിഞ്ഞു ഭാരതം ഭാരമൊഴിഞ്ഞു വല്യതൊന്നിനി
പൊഴിഞ്ഞൂറും രസാൽ വേറെച്ചുഴിഞ്ഞൂക്കിൽപ്പിടിക്കണം
പതിനെട്ടു പുരാണങ്ങൾ പതിരറ്റു കിടക്കവേ

മതി മങ്ങിച്ചീ പ്രവൃത്തി മതിയാക്കുകിൽ നഷ്ടമാം"
എന്നാണ് ഭാരതതർജ്ജമയ്ക്കുശേഷം അദ്ദേഹം സുഹൃത്തുക്കളോട്ട് പറഞ്ഞിരുന്നത്. എന്നാൽ ആകസ്മികമായി വന്ന അസുഖവും ദേഹവിയോഗവും അദ്ദേഹത്തിന്റെ ആ മോഹം സാധിച്ചുകൊടുത്തില്ല.

## സ്മാരകങ്ങൾ

കൊടുങ്ങല്ലൂരിൽ അദ്ദേഹത്തിന്റെ സ്മാരകമായി ഒരു കലാശാല സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നു

## ഒരു വെറൈറ്റി മീഡിയ

**ചെറുകഥ** **Aleena Mathew 10A**

അവന് എല്ലാം എല്ലാം അമ്മയായിരുന്നു. എന്തിനും അമ്മ വേണം. അമ്മയില്ലാത്ത ഒരു ലോകത്തെക്കുറിച്ച് അവന് സ്വപ്നം കാണുവാൻ കഴിയില്ല. കുഞ്ഞു നാളിലേ അച്ഛൻ മരിച്ചുപോയ അവന്റെ അച്ഛനും അമ്മയും എല്ലാം “അമ്മ” എന്ന രണ്ടുവാക്കിൽ ഒതുങ്ങിയിരുന്നു. അങ്ങനെ.. അമ്മയുടെ ചൂടു പറ്റി അവൻ വളർന്നു. ഒത്തിരി ദാരിദ്ര്യത്തിലൂടെ കടന്നുപോകേണ്ടി വന്നിട്ടും ഏന്ന നകനെ അതൊന്നുമറിയിക്കാണ്ട് പഠിപ്പിച്ചു.

“മോനേ.. നീ എല്ലാം എടുത്തുവെച്ചോ..?”

“വെച്ചു അമ്മേ..” ഇന്ന് ആ അമ്മയുടെ മകൻ കാനഡയ്ക്കു പോവുകയാണ്. രണ്ടാളുടെയും മുഖത്ത് സങ്കടം തളംകെട്ടി കിടക്കുന്നു. ഇറങ്ങാൻ നേരം ആ മകൻ തന്റെ അന്നയെ ഒന്നുകൂടി തിരിഞ്ഞു നോക്കി. ആകെക്കൂടി മെല്ലിച്ച ശരീരം. വാർദ്ധക്യത്തിന്റെ ചുളിവുകൾ അങ്ങിങ്ങായ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു. കണ്ണുകളെല്ലാം ഉള്ളിലേക്ക് കുഴിഞ്ഞിരിക്കുന്നു. മകൻ പോകുന്നതിന്റെ വിഷമത്താലായിരിക്കാം മുഖമാകെ വിളറിയിരിക്കുന്നു. അമ്മയെ ആശ്വസിപ്പിക്കുവാൻ നല്ല വാക്കുകൾക്കായി അയാൾ മനസ്സിൽ പരതി. പക്ഷേ, ഒന്നും വരുന്നില്ല. തന്റെ മനസ്സും ആകെ കലുഷിതമായിരിക്കുന്നു. ആദ്യമായി അമ്മയെ പിരിഞ്ഞ് ഒരു യാത്ര പോകുകയാണല്ലോ. ഒന്നും പറയാണ്ട് പടികളിറങ്ങി.

........................നാളുകൾ ഏറെ കഴിഞ്ഞു. ഇന്ന് ആ മകൻ കാനഡയിൽ ഉന്നത ജോലി ചെയ്യുന്നു. വിവാഹിതനാണ്. രണ്ടു മക്കളുമുണ്ട്. സന്തുഷ്ടമായ ജീവിതം നയിക്കുന്നു. എന്നാൽ.. അമ്മ! അവർ പഴയതിനേക്കാളും കൂടുതൽ ഇപ്പോൾ ചുക്കിചുളിഞ്ഞു. കാലം മുമ്പോട്ടു പോകുകയാണല്ലോ. ഇപ്പോൾ ആ അമ്മയുടെ മനസ്സിൽ ഒരൊറ്റ ആഗ്രഹമ മാത്രമേ ബാക്കിയുള്ളൂ. മകനെയും കൊച്ചുമക്കളെയും ഒന്നു കാണണം. എത്ര നാളായി അവരെ കണ്ടിട്ട്..!! കാനഡയിൽ പോകാൻ നേരം മകൻ പാവം ആ വൃദ്ധയ്ക്കു കൊടുത്ത മോഹന വാഗ്ദാനങ്ങളെല്ലാം വൃധാവിലാകുന്ന അവസ്ഥയാണ്. കുറെ

# 17

ജോലിത്തിര്കകായിരിക്കുമെന്ന് പാവം ആ വൃദ്ധ ആശ്വസിച്ചു. എങ്കിലും ആ അമ്മയ്ക്ക് മകൻ പണം അയച്ചി തരണമെന്ന് ഒരാഗ്രഹവുമില്ല. ആ അമ്മയ്ക്ക് മകൻ സുഖമായി ഇരിക്കുന്നുവോ എന്നു മാത്രം അറിഞ്ഞാൽ മതി. എന്നാലിപ്പോൾ അതിനും നിവർത്തിയില്ല. നല്ല സുഖ സൗകര്യങ്ങൾ കിട്ടിയപ്പോൾ ആ മകൻ അമ്മയെ നിഷ്കുരുണം മറക്കുകയാണുണ്ടായത്.

വീണ്ടും കുറേ നാളുകൾ കടന്നു പോയി ആ വൃദ്ധ തികച്ചും വയ്യാതെയായി. മകനെക്കുറിച്ച് ഇപ്പോൾ ആ വൃദ്ധയ്ക്ക് ആകെ അറിയുന്നത് മകന് കാനഡയിൽ എന്തോ വലിയ ജോലിയാണെന്നു മാത്രമാണ്. എങ്കിലും ആ വൃദ്ധയ്ക്ക് മകനോട് പരിഭവമില്ല.

പിന്നെയും ഒരു പ്രഭാതം . പതിവുപോലെ വൃദ്ധ എഴുന്നേറ്റ് കുളിയൊക്കെ കഴിഞ്ഞ് മകനു വേണ്ടി പതിവു പ്രാർത്ഥനകളൊക്കെ നടത്തി.പതിയെ ഉമ്മറപ്പടിയിൽ ചെന്നിരുന്നു. പഴയതുപോലെ നടക്കാനൊന്നും വയ്യ. ഉന്നറപ്പടിയിൽ തൂക്കിയിട്ടിരിക്കുന്ന മകന്റെ കുട്ടിക്കാല ചിത്രങ്ങളിലൊന്നിലേക്ക് വൃദ്ധയുടെ കണ്ണുകൾ പോയി. പിന്നെയും അവർ മകന്റെ ഓർമ്മകളിൽ മുഴുകിയിരുന്നു. കുറേ നേരം അങ്ങനെയിരിന്നു. പിന്നീട് ഒരി വയ്യായ്ക തോന്നി എണിറ്റപ്പോഴേക്കും ........ തല കുറങ്ങി വീണു.

ഇപ്പോൾ നേരം ഏകദേശം സന്ധ്യ ആകാറായി. എന്നിട്ടും ആ വൃദ്ധയുടെ വീടിന്റെ ഉമ്മറപ്പടിയിൽ നിന്നും ആരും പോയിട്ടില്ല. എല്ലാവരുടെയും മുഖത്ത് വിഷാദം തളംകെട്ടി കിടക്കുന്നു. ആരോ ഒരാൾ മകനെ വിളിച്ച് കാര്യം അറിയിച്ചു. ജോലിത്തിരക്കാണെന്നു പറഞ്ഞ് പിന്തിരിയാമെന്ന് ആദ്യം അയാൾ ഓർത്തു. പിന്നെ.. മക്കളെ എങ്കിൽ കേരളം കാണിക്കുകകൂടി ചെയ്യാമല്ലോ എന്നോർത്ത് അയാൾ വരാമെന്നു പറഞ്ഞു. ഭാര്യക്കും പിള്ളാർക്കും സന്തോഷം. യാത്രയ്ക്കുള്ള തിരക്കുകൾ തുടങ്ങി. അയാൾ തന്റെ ക്യാമറയും കൂടെ എടുത്തു. കൂട്ടുകാരെ തന്റെ അമ്മയുടെ ശവസംസ്കാരം കാണിക്കാമല്ലോ.

പിറ്റേന്ന് രാവിലെ തന്നെ അവർ എത്തി. വീട്ടിൽ ആണെങ്കിൽ ഒത്തിരി ആൾക്കാർ തിങ്ങി നിറഞ്ഞിരിക്കുന്നു. ചുറ്റും വിഷാദം. ആരെയും തനിക്ക് പരിചയമില്ലല്ലോ എന്ന് അയാൾ ഓർത്തു. പിന്നീട് വൈകിച്ചില്ല. ശവസംസ്കാര ശുശ്രൂഷകൾ വേഗം നടത്തി. അപ്പോഴൊക്കെയും അമ്മയുടെ മുഖം കൂടുതൽ പ്രസന്നമായിരിക്കുന്നത് അന്നാട്ടുകാർ ശ്രദ്ധിച്ചു. മകനെയും കൊച്ചുമക്കളെയും

കണ്ടപ്പോഴുള്ള സന്തോഷമാണെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. ഏറെ നാളുകൾ കഴിഞ്ഞുള്ള കൂടിക്കാഴിചയാണല്ലോ. പക്ഷേ, ഇപ്രാവശ്യത്തെ കൂടുക്കാഴ്ചയ്ക്കൊരു പ്രത്യേകതയുണ്ട്. ജീവിച്ചിരിക്കുന്ന മകനും മരിച്ച് അമ്മയുടെ ആത്മാവും തമ്മിലുള്ള ഒരു കൂടിക്കാഴ്ചയാണ്. ഒത്തിരി നാളുകൾക്ക് ശേഷമുള്ള ഒരു '**കൂടിക്കാഴ്ച**.' എങ്കിലും ഇപ്പോഴും മകന്റെ ചിന്ത.. ഏത് പൊസിഷനിൽ നിന്ന് അമ്മയുടെ വീഡിയോ എടുക്കാമെന്നായിരുന്നു...



# പ്രളയം എത്ര സുഖകരം...!!!

Aleena 10A



വെള്ളം പൊങ്ങി എല്ലായിടവും..
കേരളം മുങ്ങി..
ഒറ്റക്കെട്ടായി ജനസഹസ്രങ്ങൾ ..
മതമില്ല... ജാതിയില്ല...
രാഷ്ട്രീയമില്ല... വർഗ്ഗമില്ല..
വർണ്ണമില്ല.. സംഘടനയില്ല...
'മനുഷ്യത്വം'എന്ന ഭാവം മാത്രം
നാളുകൾ പലതു കഴിഞ്ഞു...
വെള്ളമിറങ്ങി..
കേരളം കരകണ്ടു..
നേരം പുലർന്നു..
മതമായി... ജാതിയായി..
രാഷ്ട്രീയമായി.. വർഗ്ഗമായി...
വർണ്ണമായി... സംഘടനയായി....
'മനുഷ്യത്വം' എന്ന പദം മാത്രം ബാക്കി...

കുട്ടൻ പറഞ്ഞു:"പ്രളയമാണ സുഖകരമമ്മേ...."

# ലീലാവതി

Abhin S Kumar, 9B



പ്രസിദ്ധ ഭാരതീയ ഗണിതഗ്രന്ഥമാണ് ലീലാവതി. ഭാസ്കരാചാര്യൻ (1114-1185 AD) ആണ് ഈ ഗ്രന്ഥമെഴുതിയത് . ഇദ്ദേഹത്തിന്റെ മുഖ്യ കൃതിയാണ് 'സിദ്ധാന്ത ശിരോമണി' (1150 AD); ഇതിന് 4 ഭാഗങ്ങളുണ്ട് - ലീലാവതി , ബീജഗണിതം, ഗോളാധ്യായം, ഗ്രഹഗണിതം എന്നിങ്ങനെ . ലീലാവതിയിൽ അങ്കഗണിതവും ബീജഗണിതവും ജ്യാമിതിയും ഉണ്ട്. 266 ശ്ലോകങ്ങളുള്ള ലീലാവതി പിൽക്കാലത്ത് 13 അധ്യായങ്ങളായി തിരിക്കപ്പെടുകയുണ്ടായി.

അക്ബറിന്റെ സദസ്സിലെ നവരത്നങ്ങളിൽ ഒരാളായ ഫൈസി ഈ ഗ്രന്ഥം പേർഷ്യനിലേക്ക് തർജ്ജമ ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഏക മകളായ ലീലാവതിയിൽ നിന്നാണ് ഈ പേരു വന്നത്. ഇതിനെപ്പറ്റി ഒരു കഥയുണ്ട്.

ജ്യോതിഷത്തിലും ഗണിതത്തിലും അപാരമായ പാണ്ഡിത്യമുള്ള വ്യക്തിയായിരുന്നു ഭാസ്കരാചാര്യൻ. ജാതകത്തിൽ നിന്ന് തന്റെ മകൾ ലീലാവതി വിധവയാകുമെന്നു ജ്യോതിഷത്ത്തിലൂടെ അദ്ദേഹം മനസിലാക്കി.എന്നാൽ വിവാഹം ഒരു പ്രത്യേക ദിവസം നിശ്ചിത സമയത്ത് നടത്തിയാൽ ഈ ജാതകദോഷം ഒഴിവാക്കാമെന്ന് അദ്ദേഹം കഠിന പ്രയത്നത്തിലൂടെ കണക്കുകൂട്ടി കണ്ടുപിടിച്ചു. ഈ നേരത്ത് വിവാഹം നടത്തുന്നതിനായി അദ്ദേഹം എല്ലാ ഒരുക്കങ്ങളും ചെയ്തു തീർത്തു. അപ്പോഴാണ് ഒരു നാഴികമണി വില്ലനായ് എത്തിയത്. അക്കാലത്ത് സമയം അറിയാൻ ഇന്നത്തെപോലെ വാച്ചുകളോ ഘടികാരങ്ങളോ ഒന്നും ഇല്ലായിരുന്നു.ഒരു നിശ്ചിത സമയ അളവിൽ ഒരു പാത്രത്തിൽ നിന്നും താഴെയുള്ള മറ്റൊരു പാത്രത്തിലേക്ക് ചോർന്നു വീഴുന്ന മണൽത്തരികളെ ആധാരമാക്കിയാണ് സമയം നിശ്ചയിച്ചിരുന്നത്. ഇതിനെ നാഴികവട്ട (Hour Glass) എന്ന്

പറയും. വിവാഹത്തിന്റെ തലേദിവസം ലീലാവതി പുതുതായി കൊണ്ടുവന്ന നാഴികവട്ടയിൽ നോക്കിയപ്പോൾ യാദൃശ്ചികമായി അവളുടെ കണ്ഠാഭാരണങ്ങളിൽ നിന്ന് ഒരു ചെറിയ മുത്ത് അവളറിയാതെ നാഴികവട്ടയിലെ മണൽത്തരികളിൽ വീഴാനിടയായി. മണല്ത്തരികളിൽ വീണ മുത്ത് നാഴികവട്ടയുടെ പ്രവർത്തനത്തെ അൽപം തകരാറിലാക്കി. അതുകൊണ്ട് തന്നെ നേരത്തെ നിശ്ചയിച്ച സമയത്തായിരുന്നില്ല വിവാഹം നടന്നത്.



വിവാഹം കഴിഞ്ഞ് ദിവസങ്ങൾക്കകം ലീലാവതി വിധവയാകുകയും ചെയ്തു.ഭർത്താവിന്റെ വിയോഗത്തിൽ ദുഃഖിയതയായ മകളെ ഭാസ്കരാചാര്യൻ അങ്കഗണിതം പഠിപ്പിച്ചു. അങ്ങനെ മകൾക്ക് വേണ്ടി എഴുതിയ ഗ്രന്ഥമാണ് 'ലീലാവതി'.സ്വന്തം മകളുടെ പേരുതന്നെ ഭാസ്കരാചാര്യൻ ഗ്രന്ഥത്തിനും നൽകി.

# പുലരിയുടെ  നെയ്ത്തുകാരൻ

റോബിറ്റ് ആൽബിൻ
X C

ഇനിയും ഉണർന്നില സമയമായിഎഴുന്നേൽക്കു
എന്നവാക്കു പോലും കേൾക്കതില്ലാതെ
ഉണർന്നു പോയി ദിനചര്യയാൽ
ഇരുളിന്റെ മറവിലെ ഹിമത്തിൻ വിളയാട്ടത്തിനിരയായ
ജീവോർജത്തിന്റെ നീലിമയേറിയ തിലകക്കുറി
ആശ്വാസത്തിനായി തേടുന്നു തൻ സാന്നിധ്യമിപ്പോൾ
താൻ പോലുമറിയാതെ തൻ ദിവ്യശക്തിയാൽ ഉരുകിത്തുറന്നു പോയി കവാടപ്പാളികൾ
ഒടുവിലതാ ഗഗനത്തിലെ മരവിച്ചതിലകുറിയിൽ
കുങ്കമ ശോഭയിൽ കളഭം ചാർത്താൻ
തൻ പ്രകാശത്തിൻ തുവലാൽ ഉഷ്ണമേകാൻ
തന്നിലെ പ്രണയം എല്ലാം എരിച്ചു തീർക്കുമെന്ന സത്യം പണ്ടേ തിരിച്ചറിഞ്ഞെങ്കിലും      അതിനനുവദിക്കാതെ മയങ്ങുന്നു എന്നെന്നും
തൻ ജൈവ പ്രകൃതിയാൽ അരുകിലാരും വരുകില്ലന്നറിയാമെങ്കിലും
ആ തീരാ ദുഃഖത്തിനാരോടും പരിഭമില്ലാതെ കടമകളാൽ തീവ്ര പ്രണയത്തെ ഒളിപ്പിച്ചങ്ങനെ
കഴിയുന്നു നാൾതോറും: ... ...........



:

# ചാണക്യസൂത്രം

നിർഗ്ഗുണസ്യ ഹതം രൂപം
ദു:ശീലസ്യഹതം കുലം
അസിദ്ധസ്യ ഹതാ വിദ്യാ
അഭോഗേന ഹതം ധനം

സുന്ദരനാണെങ്കിലും സാമർത്ഥ്യമില്ലെങ്കിൽ വിലയില്ല.

ദുഃസ്വഭാവികൾ വംശത്തിന് നാണക്കേടാണ്.

വിദ്യ പ്രയോഗിക്കാത്ത പണ്ഡിതൻ അപഹാസ്യനാണ്.

ആവശ്യത്തിനു പകരിക്കാത്ത പണം നിരർത്ഥകമാണ്

# Proverbs

*1. A bad workman always blames his tools.*

*2. A bird in the hand is worth two in the bush.*

*3. Absence makes the heart grow fonder.*

*4. A cat has nine lives.*

*5.A chain is only as strong as its weakest link.*

*6.A journey of a thousand miles begins with a single step.*

*7. All that glitters is not gold.*

*8.An apple a day keeps the doctor away.*

# Thank You

